പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1573 — 13-6-2014-ൽ മറുപടിക്ക്

ഗ്രാമപഞ്ചായത്തുകളുടെ ഭൂമി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ.കെ. ലതിക: | | ഡോ.എം.കെ. മുനീർ: (പഞ്ചായത്തും സാമുഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | ഗ്രാമപഞ്ചായത്തുകളുടെ കൈവശമുള്ളതും പഞ്ചായത്തുകൾ ഭൂനികുതി അടയ്ക്കുന്നതുമായ ഭൂമിയുടെ ഉടമസ്ഥത സർക്കാരിലാണോ ഗ്രാമപഞ്ചായത്തിലാണോ നിക്ഷിപ്തമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) | ഗ്രാമപഞ്ചായത്തുകൾ ആർജ്ജിച്ച/ആർജ്ജിക്കുന്ന ഭൂമി പഞ്ചായത്തുകളുടെ തനത് വകയാണ്. അതിന്റെ കൈകാര്യാധികാരം അതാത് ഗ്രാമപഞ്ചായത്തുകൾക്കാണ്. എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള വസ്തുവിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിന് ഇല്ല. എന്നാൽ അവ കൈകാര്യം ചെയ്യാനും ടി സ്ഥലങ്ങൾ ഏതെല്ലാം വ്യവസ്ഥകളിൻമേലാണോ നിക്ഷിപ്തമായിട്ടുള്ളത് അവ ലംഘിക്കാതെ പാട്ടത്തിന് നൽകാനും പഞ്ചായത്തിന് അധികാരം ഉണ്ട്. |
| (ബി) | പ്രസ്തുത ഭൂമി ഗ്രാമപഞ്ചായത്തുകൾക്ക് എന്തെല്ലാം ആവശ്യങ്ങൾക്കാണ് വിനിയോഗിക്കുവാൻ കഴിയുക എന്ന് വിശദമാക്കുമോ; | (ബി) | പഞ്ചായത്തിന്റെ സ്വന്തം ഭൂമി പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ നിറവേറ്റുന്നതിന് വേണ്ടിയും മറ്റ് ആവശ്യങ്ങൾക്ക് സർക്കാർ അനുമതിയോടെയും വിനിയോഗിക്കാം. |
| (സി) | പഞ്ചായത്തുകളിൽ സർക്കാർ അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങൾക്ക് പ്രസ്തുത ഭൂമി കൈമാറ്റം ചെയ്തു കൊടുക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കേണ്ടതെന്ന് വ്യക്തമാക്കുമോ ? | (സി) | 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയൊഴിയലും) ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി സർക്കാരിന്റെ പ്രത്യേക അനുമതി ലഭിക്കുന്ന മുറയ്ക്ക് പഞ്ചായത്ത് ഭൂമി മറ്റ് സ്ഥാപനങ്ങൾക്ക് വിട്ട് നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ